8 NOV 2022

malanadnews




MALANAD NEWS

വയനാടിന്റെ സ്വന്തം ചാനൽ

# പ്രഥമ വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് ദ്വാരകയിൽ

വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് (ഡബ്ലിയു എൽ എഫ്) ഡിസംബർ 29, 30 തീയതികളിൽ മാനന്തവാടി ദ്വാരകയിൽ നടക്കും. ലോക പ്രശസ്ത എഴുത്തുകാരി അരുന്ധതി റോയ്, സഞ്ജയ് കാക്, സച്ചിദാനന്ദൻ, സക്കറിയ, സുനിൽ പി. ഇളയിടം തുടങ്ങിയ പ്രമുഖർ വിവിധ സെഷനുകളിൽ പങ്കെടുക്കും.

/9562510247 /MALANAD NEWS /MALANAD NEWS /malanadnews /MALANAD NEWS

---

Mathrubhumi മാതൃഭൂമി

# വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് ഡിസംബറിൽ

**കല്പറ്റ**▸ സാഹിത്യോത്സവങ്ങളുടെ ഭൂപടത്തിലേക്ക് വയനാടിനെ അടയാളപ്പെടുത്തി പ്രഥമ വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് (ഡബ്ല്യു.എൽ.എഫ്.) ഡിസംബർ 29, 30 തീയതികളിൽ മാനന്തവാടി ദ്വാരകയിൽ നടക്കും. എഴുത്തുകാരായ അരുന്ധതി റോയ്, സഞ്ജയ് കാക്, സച്ചിദാനന്ദൻ, സക്കറിയ, സുനിൽ പി. ഇളയിടം, സണ്ണി കപിക്കാട്, പി.കെ. പാറക്കടവ് തുടങ്ങിയവർ പങ്കെടുക്കും. സംവാദങ്ങൾ, കഥയരങ്ങ്, പ്രഭാഷണങ്ങൾ, അഭിമുഖങ്ങൾ, കവിയരങ്ങ്, ഗ്രാമീണ കലാരൂപങ്ങൾ, പുസ്തകത്തെരുവ്, ഹെറിറ്റേജ് വാക്ക് എന്നിവ ഫെസ്റ്റിവലിന്റെ ഭാഗമായി നടക്കും. ഫെസ്റ്റിവലിന്റെ ഡയറക്ടറായ പത്രപ്രവർത്തകനായ ഡോ. വിനോദ് കെ. ജോസ്, ഡോ. ജോസഫ് കെ. ജോബ്, വി.എച്ച്. നിഷാദ്, ബാബു ഫിലിപ്പ് തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

---

മാനന്തവാടി സഭാ വാർത്തകൾ

2022 NOV 09



കാരുണ്യ മാതാ

# വിനോദ് കെ ജോസ് ഡയറക്ടറായി വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് ഡിസംബറിൽ

**കൽപ്പറ്റ:** കേരളത്തിലെ സാഹിത്യോത്സവങ്ങളുടെ പട്ടികയിലേക്ക് വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് കൂടി വരുന്നു. പ്രഥമ വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് (ഡബ്ല്യു.എൽ.എഫ്) ഡിസംബർ 29, 30 തീയതികളിൽ മാനന്തവാടിക്കടുത്തുള്ള ദ്വാരകയിൽ വെച്ച് നടക്കും. കാരവൻ മാഗസിൻ എക്സിക്യൂട്ടിവ് എഡിറ്റർ വിനോദ് കെ. ജോസാണ് ഫെസ്റ്റിവൽ ഡയറക്ടർ ലോക സാഹിത്യം, ഇന്ത്യൻ സാഹിത്യം, മലയാള സാഹിത്യം എന്നിവ മുൻ നിർത്തിയുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും രണ്ട് ദിവസങ്ങളിലായി നടക്കുന്ന വയനാട് ലിറ്ററേച്ചർ ഫെസ്റ്റ് സാക്ഷ്യം വഹിക്കും.